**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **11-06-2024 - ൽ മറുപടിയ്ക്ക്**

**കാലാലയങ്ങളിൽ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾക്കിടയിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും ഉതകുന്ന രീതിയിൽ കലാലയങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്;<br><br>വ്യവസായിക ആവശ്യത്തിനായുള്ള ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി 29/2/2024-ലെ സ.ഉ (കൈ) നമ്പർ 16/2024/ID സർക്കാർ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന നവീന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്ക്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ താല്പര്യമറിയിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്;<br><br>പ്രസ്തുത പദ്ധതിയിൽ താല്പര്യമറിയിച്ച് ഏകദേശം 80 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സമീപിച്ചിരുന്നു. നിരാക്ഷേപസാക്ഷ്യപത്രം നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് വേണ്ട കൈതാങ്ങ് സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതാണ്. |
| (സി) | വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി അനുമതി ലഭിക്കുന്ന കലാലയങ്ങൾക്ക് വ്യവസായ മേഖല പദവി നൽകുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | ക്യാമ്പസ് വ്യവസായ പാർക്ക് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക്, കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്റ്റ് 1999 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ